Deivarajyam November 2018
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/11/2018
●Posted at Thodupuzha Stg.
Annual Subscription ₹ 100.00


St Zechariah and St Elizabeth


St Charles Borromeo


St Stanislaus


St Cicilia


St Andrews

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

നവംബർ 2018 വാല്യം 57 ലക്കം 11

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ







DFC രൂപതാ കൺവൻഷൻ



രൂപത പ്രാർത്ഥനാദിനം, ആരക്കുഴ



ജൂബിലി ദമ്പതീ സംഗമം



നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
**മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ** അച്ചന്
രൂപതാ കുടുംബത്തിന്റെ
**തിരുനാൾ ആശംസകൾ**

# പൗരോഹിത്യ
# സുവർണ്ണ ജൂബിലി ആശംസകൾ



**മോൺ. ജോർജ് ഓലിയപ്പുറം**

## പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ



ഫാ. സെബാസ്റ്റ്യൻ കടമ്പനാട്ട്



ഫാ. ജോസഫ് ചെറിയാൻ
കോയിക്കക്കുടി





ഫാ. ജോസഫ് പറയന്നിലം



ഫാ. ജേക്കബ് പുതിയേടത്ത്



ഫാ. മാത്യു തെക്കേക്കര (Jr)



## പൗരോഹിത്യ
## രജത ജൂബിലി ആശംസകൾ



ഫാ. ജെയിംസ് ഐക്കരമറ്റം



ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr)



ഫാ. തോമസ് ജെ. പറയിടം



ഫാ. തോമസ് പൂവ്വത്തിങ്കൽ

# ദൈവരാജ്യം





*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
നവംബർ 2018
ലക്കം 11

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


9 ബൈബിൾ ഞായർ – സർക്കുലർ
16 രൂപതക്കച്ചേരി
20 മൈനർ സെമിനാരി
20 വിജ്ഞാനഭവൻ
24 ബൈബിൾ അപ്പോസ്തലേറ്റ്
24 വിദ്യാഭ്യാസം
25 സോഷ്യൽ സർവീസ്
26 തിരുബാലസഖ്യം
26 ചെറുപുഷ്പ മിഷൻലീഗ്
27 കെ. സി. എസ്. എൽ.
29 ഫാമിലി അപ്പോസ്തലേറ്റ്
31 മാതൃവേദി
32 ഡി. എഫ്. സി.
33 യുവദീപ്തി
34 ജീസസ് യൂത്ത്
34 ഡി. സി. എം. എസ്
35 ഓൾ കേരള കാത്തലിക് കോൺഗ്രസ്
37 കേരള ലേബർ മൂവ്മെന്റ്
37 അല്മായഫ്രാൻസിസ്കൻ സഭ
38 ഇൻഫാം
39 പ്രാർത്ഥനാഗ്രൂപ്പ്
39 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
40 നെസ്റ്റ് പ്രോഗ്രാം
40 തിരുനാൾ മംഗളങ്ങൾ
41 രൂപതാദ്ധ്യക്ഷന്റെ ഡയറി
44 Bishop's Engagements
45 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
45 നിര്യാതരായി




## പള്ളിയിൽ അറിയിക്കുവാൻ

### നവംബർ

| | Page |
|---|---|
| ജൂബിലി ആശംസകൾ | 16 |
| ദൈവദാസൻ ജോസഫ് പഞ്ഞിക്കാരൻ ചരമദിനം | 16 |
| വിവാഹാഘോഷം മുടക്ക് | 17 |
| രൂപതാ പ്രാർത്ഥനാദിനം - കാളിയാർ | 17 |
| കോതമംഗലം രൂപതാ ബൈബിൾ കൺവെൻഷൻ | 17 |
| SAY Exam Catechism | 20 |
| ബൈബിൾ പഠന ക്ലാസ്സ് | 24 |

## തിരുനാളുകൾ

01 - All Saints Day
02 - All Souls Day
04 - St. Charles Borremeo
05 - Sts. Zacharias & Elizabeth
13 - St. Stanislaus
23 - St. Cecilia
25 - Christ the King
30 - St. Andrew, The Apostle

Ref: 3150/K-5/KCBC/OL/DS 9.10.2018

# 2018 ഡിസംബർ 30 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* എന്ന വിഷയം നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ' എന്നത്. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയനിയമം ഈ വിശേഷണം തന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ





എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തം ജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾച്ചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവ





ത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾ പാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ

നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.





ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠ നടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഡിസംബർ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾ

പാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഡിസംബർ മാസം സമ്പൂർണ്ണ ബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാമെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ്ണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

NB: 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





# രൂപതക്കച്ചേരി

## *C. 82/2018* ജൂബിലി ആശംസകൾ

പൗരോഹിത്യശുശ്രൂഷയിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മോൺ. ജോർജ് ഓലിയപ്പുറം അച്ചനും ബഹു. സെബാസ്റ്റ്യൻ കടമ്പനാട്ട് അച്ചനും ബഹു. ജോസഫ് ചെറിയാൻ കോയിക്കക്കുടി അച്ചനും ബഹു. ജോസഫ് പറയന്നിലം അച്ചനും ബഹു. ജേക്കബ് പുതിയേടത്ത് അച്ചനും ബഹു. മാത്യു തെക്കേക്കര (Jr) അച്ചനും രജത ജൂബിലി ആഘോഷിക്കുന്ന ബഹു. ജെയിംസ് ഐക്കരമറ്റം അച്ചനും ബഹു. ജോസഫ് മുണ്ടയ്ക്കൽ (Sr) അച്ചനും ബഹു. തോമസ് ജെ. പറയിടം അച്ചനും ബഹു. തോമസ് പൂവ്വത്തിങ്കൽ അച്ചനും രൂപതാകുടുംബത്തിന്റെ പേരിൽ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ഇവരുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു. ഇവർക്ക് അനുമോദനങ്ങൾ നേരുന്നതിനായി നവംബർ 19-ാം തീയതി 10.00-മണിക്ക് NESTT-ൽ ഒരുമിച്ചുകൂടുന്നതിനായി എല്ലാ ബഹു. അച്ചൻമാരെയും ക്ഷണിക്കുന്നു.

*Bishop*

## *C. 83/2018* ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 68-ാം ചരമവാർഷികം ശ്രാദ്ധാചരണവും

ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 26 മുതൽ നവംബർ 3 വരെയുള്ള ദിവസങ്ങളിൽ തങ്കളം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ദിവ്യബലിയും അനുസ്മരണ പ്രാർത്ഥനയും നടത്തുന്നതാണ്. നവംബർ 3-ാം തീയതി ശനിയാഴ്ച രാവിലെ 10.30-ന് ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും ശ്രാദ്ധഭക്ഷണവും ഉണ്ടായിരിക്കും.

ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിക്കുകയും പാവപ്പെട്ടവർക്കും രോഗികൾക്കും അത്താണിയായി അനേകരെ യേശുവിനായി നേടുകയും ചെയ്ത, ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ഓർമ്മ ആചരിക്കുന്ന അവസരത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കുചേരുവാനും ദൈവദാസന്റെ മാദ്ധ്യസ്ഥ്യംവഴി അനുഗ്രഹം പ്രാപിക്കുവാനും ഏവരേയും ക്ഷണിക്കുന്നു.

*Bishop*

*C. 84/2018* **വിവാഹാഘോഷം മുടക്ക്**

ഡിസംബർ 1-ാം തീയതി 25 നോമ്പ് ആരംഭിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Bishop*

*C. 85/2018* **രൂപതാ പ്രാർത്ഥനാദിനം**

നവംബർ മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം കാളിയാർ സെന്റ് റീത്താസ് ഫൊറോന പള്ളിയിൽ വച്ച് നവംബർ 16-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 4.00 pm മുതൽ 5.00 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 5.00 pm-ന് അഭിവന്ദ്യ പിതാവ് വി. കുർബാന അർപ്പിക്കുന്നതുമാണ്.

*Protosyncellous*

*C.86/2018* **അജപാലന സന്ദർശനം**

| | | |
|---|---|---|
| നവംബർ 4 | - | മാതിരപ്പിള്ളി |
| നവംബർ 11 | - | പെരുമ്പല്ലൂർ |
| നവംബർ 18 | - | കടവൂർ |

*Chancellor*

*C.87/2018* **കോതമംഗലം രൂപതാ ബൈബിൾ കൺവെൻഷൻ**

കോതമംഗലം രൂപത പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കൃപാഭിഷേക കൺവെൻഷൻ 2019 ഫെബ്രുവരി മാസം 6 മുതൽ 10 വരെ സെന്റ് ജോർജ് HSS ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു. അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടർ ഫാ. ഡൊമിനിക് വാളമ്മനാൽ കൺവെൻഷൻ നയിക്കുന്നു.

*C. 88/2018* **Monthly Recollection for Priests**

Read in common Nos. 691-700 of the Catechism of the Catholic Church.

*Protosyncellus*

*C. 89/2018* **Jubiliarians Meet 2018-Mount St. Thomas**

We are glad to arrange once again a day to felicitate our Jubiliarians of the Syro Malabar Church. The Commission organizes a gathering of all the priests (Diocesan and Congregation) who are in the 50th and 25th year of their priestly ministry on Wednesday 28th November 2018 from 9.30 am till 2.00 pm at Mount St. Thomas, Kakkanad. We need their





names, email and mobile numbers. You can send your names by mail *clergy2010@gmail.com* In case if any needs please call 9446477924

*Chancellor*

*C. 90/2018* **Flood Relief Fund**

| | *Income* | *Expenditure* |
|---|---|---|
| Contribution from Churches | 30,48,318.00 | |
| Contribution from Institutions | 29,85,500.00 | |
| Contribution from Benefactors | 24,06,294.00 | |
| Major Archi-Episcopal Curia | | 10,00,000.00 |
| Changanacherry Diocese | | 10,00,000.00 |
| Idukki Diocese | | 25,00,000.00 |
| Bolero to Idukki Diocese | | 10,00,000.00 |
| Kothamangalam Diocese | | 29,40,112.00 |
| **Total** | **84,40,112.00** | **84,40,112.00** |

*Procurator*

*Pr. C.6/2018* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on 18th December from 10.00 am to 1.00 pm at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2018.

*Secretary*

*Pr. C.7/2018* **Presbyteral Council 2018-2023**

**Elected Members**

| | | |
|---|---|---|
| Kothamangalam | - | Pothanamuzhy Thomas |
| Arakuzha | - | Kariamadam George |
| Kaliyar | - | Vadakel James |
| Karimannoor | - | Koonanickal Jose |
| Mailacombu | - | Nellikunnel Joseph |
| Marika | - | Vadakumparambil Jacob |
| Muthalakodam | - | Kandathil Jose |
| Muvattupuzha | - | Vengooran Jose |
| Oonnukal | - | Keerampara Francis |
| Paingottoor | - | Chemparathy George |
| Thodupuzha | - | Thalappillil Jacob |
| Vazhakulam | - | Konickal Mathew |
| Parochial Vicars I | - | Pothanamuzhy Sebastian |

| | | |
|---|---|---|
| Parochial Vicars II | - | Thanickal Joseph |
| Priests in Seminaries | - | Pittappillil Mathew |
| Priests in Colleges/Schools | - | Nedungatt Vincent |
| Directors of Pious Associations | - | Karakunnel George |
| Priests not in Active Ministry | - | Kuzhinjalil Thomas |
| Religious Priests - Group I | - | Koottaplackal Biju CMI |
| Religious Priests - Group II | - | Plathottathil Jose VC |

**EX Officio**

Oliapuram Msgr. George
Kanjirakompil Msgr. Cherian
Kuzhikanniyil Jose
Pulloppillil Jose
Mundackal John
Anikottil John
Elanjedath John
Malieckal Mathews
Alappatt Francis
Vararappillil James
Nedumpurath Paul
Adapoor Joseph
Vallomkunnel George
Vadakel George
Thadickatt George
Kodakallil Kuriakose

**Nominated**

Kunnel Stanislaus
Athickal Joseph
Koickakudy Joseph

*Chancellor*

*PC.5/2018* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on 22nd December 2018 from 10.00 am to 4.00 pm at the Bishop's House. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2018.

*Secretary*





# മൈനർ സെമിനാരി

*MS 26/2018* **മിഷൻ ഞായർ ദിനാചരണം**

ആഗോള കത്തോലിക്കാസഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ ഞായർ ദിനാചരണം സെമിനാരിയിലും സമുചിതമായി നടത്തി. മിഷൻ ഞായറിനോടനുബന്ധിച്ച് നടത്തിയ പരിപാടിയുടെ ഉദ്ഘാടനം ബഹു. വികാരി ജനറാൾ നിർവഹിച്ചു.

*MS 27 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Peter, Parankimyalil | ₹ | 2000 |
| 2 | Assissi Convent, Vazhappilly East | ₹ | 25000 |
| 3 | Alikutty George, Oliapurath, Mathirappilly | ₹ | 16000 |
| 4 | John Tharian Elenjickal | ₹ | 5000 |
| 5 | St. Sebastian's Church, Purapuzha | ₹ | 20011 |
| 6 | Sacred Heart Church, Ayavana | ₹ | 16500 |
| 7 | Sts. Peter & Paul Church, Ponnamthanam | ₹ | 25250 |

*Rector*

# വിജ്ഞാനഭവൻ

*V. 113/2018* **1-ാം സെമസ്റ്റർ പരീക്ഷാഫലം, സേ പരീക്ഷ**

1-ാം സെമസ്റ്റർ പരീക്ഷാഫലം : നവംബർ 10 ശനി
രജിസ്ട്രേഷൻ ആരംഭിക്കുന്നത് : നവംബർ 10 ശനി.
രജിസ്ട്രേഷൻ അവസാനിക്കുന്നത് : നവംബർ 17 ശനി.
സേ പരീക്ഷ : നവംബർ 25 ഞായർ. സമയം : 11.00 am-1.00 pm.
പരീക്ഷാ പേപ്പർ വിജ്ഞാനഭവനിൽ എത്തിക്കേണ്ട അവസാനതീയതി : ഡിസംബർ 8 ശനി.
റിസൾട്ട് : ഡിസംബർ 18 ചൊവ്വ.
ചോദ്യ പേപ്പർ നവംബർ 24 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

*V. 114/2018* **Std VIII - കുട്ടികൾക്കായി ഏകദിനസെമിനാർ**

ഈ വർഷം മുതൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഏകദിന സെമിനാർ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുകയാണ്. ലൈംഗിക വിദ്യാഭ്യാസം, ജീവിതമര്യാദകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് സെമിനാർ. നാല് സെന്ററുകളിൽ വച്ച് നവംബർ, ഡിസം

ബർ മാസങ്ങളിലെ ഞായറാഴ്ചകളിലാണ് സെമിനാർ നടത്തുന്നത്.

1. നവംബർ 18 ഞായർ - സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം (വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ)

2. നവംബർ 25 ഞായർ - സെന്റ് മേരീസ് ഫൊറോന ചർച്ച്, കരിമണ്ണൂർ (കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ)

3. ഡിസംബർ 2 ഞായർ - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, തൊടുപുഴ (തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ)

4. ഡിസംബർ 9 ഞായർ - സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം (കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ)

8-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർ അതാത് ഇടവകകളിൽ നിന്നും കുട്ടികളെ കൂട്ടിക്കൊണ്ടു വരണം എന്നഭ്യർത്ഥിക്കുന്നു. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

**വരുന്ന കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം സെമിനാറിന് 10 ദിവസം മുമ്പ് അറിയിക്കേണ്ടതാണ്.**

*V. 115/2018* **ലോഗോസ് ക്വിസ് 2018 വിജയികൾ**

ലോഗോസ് ക്വിസ് 2018-ൽ പങ്കെടുത്ത് രൂപതാ തലത്തിൽ വിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. ഓരോ വിഭാഗത്തിലും ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്ക് **നവംബർ 11-ാം** തീയതി നടക്കുന്ന സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.

## GROUP A

1 ജോസ്വിൻ വിൻസെന്റ് കൂട്ടുങ്കൽ - പുന്നമറ്റം
2 ക്ലിന്റ മരിയ ജോർജ് കീത്തപ്പിള്ളി - കുണിഞ്ഞി
3 അഞ്ജലി ജോമോൻ വെട്ടുകാട്ടിൽ - തൊടുപുഴ
4 ഐശ്വര്യ റെജി പൊട്ടയ്ക്കൽ - പോത്താനിക്കാട്
5 അലൻ ജോമോൻ വെട്ടുകാട്ടിൽ - തൊടുപുഴ
മെറിൻ എൽസ രഞ്ജു പറമ്പൻ - മൂവാറ്റുപുഴ
ആകാശ് എൻ. സാബു - പെരുമ്പല്ലൂർ

## GROUP B

1 തുഷാര ജിൻസ് പാലക്കുന്നേൽ - തൊടുപുഴ
2 അഷിത ബെന്നി കൊളവേലി - നാകപ്പുഴ
3 ആൻ മേരി ഹാരോൾഡ് നെടുങ്കല്ലേൽ - കടവൂർ
4 ദീപക് വർഗീസ് പുത്തൻപുരയ്ക്കൽ - തൊടുപുഴ
5 സൈറ റോസ് ബേബി ഇടപ്പുളവൻ - കുറുപ്പംപടി
നെവിൻ ജീസൻ ചക്കാലയിൽ - തൊടുപുഴ
റിയാന മേരി റോയി വാലുമ്മേൽ - കുണിഞ്ഞി





## GROUP C

1 ബ്ര. ജെറിൻ ടോം താന്നിക്കൽ CMI - നേര്യമംഗലം
2 ആനി അഹല്യ ഡാർബി SABS - കത്തീഡ്രൽ
3 മനു മാത്യു തൊണ്ടിയിൽ - പുലിയൻപാറ
4 ബ്ര. ജോസഫ് തയ്യിൽ - സെന്റ് ജോസഫ് മൈനർ സെമിനാരി, കോതമംഗലം
5 സി. പാവന വടക്കുപാടം SABS - കൊടുവേലി
അനിറ്റ ജോജി വേങ്ങപറമ്പിൽ - കുണിഞ്ഞി
ഇന്ദു ജോൺ തുരുത്തേൽ - ആരക്കുഴ

## GROUP D

1 സി. റ്റെസ്മി SH - തൊടുപുഴ
2 റോസ് മേരി ജിജി പഴയംകോട്ടിൽ - കുണിഞ്ഞി
3 സ്വപ്നാമോൾ തെക്കേവീട്ടിൽ - ഞാറക്കാട്
4 സി. സോഫിയ മാത്യു FCC - മൂവാറ്റുപുഴ
5 ജിജി നിജോ ഇടശ്ശേരിൽ - തൊടുപുഴ ഈസ്റ്റ്
ബിനിത ട്രീസ ജോബി പീച്ചാട്ട് - നെല്ലിമറ്റം
സി. ജൂലി ജോർജ് CMC - കത്തീഡ്രൽ

## GROUP E

1 എൽസി പൈലി കടവുങ്കൽ - തൊടുപുഴ ഈസ്റ്റ്
2 എൽസമ്മ ബേബി മേമന - അരിക്കുഴ
3 റോസമ്മ പോൾ താഴത്തേടത്ത് - കലയന്താനി
4 റോസമ്മ ജോർജ്ജ് തയ്യിൽ - കല്ലാനിയ്ക്കൽ
5 ഉഷ ജോസ് പറമ്പൻ - മൂവാറ്റുപുഴ
സുശീല ജോർജ് വെളിയന്നൂർക്കാരൻ - വാഴപ്പിള്ളി ഈസ്റ്റ്
ഫിലോമിന കുര്യൻ നിരവത്ത് - പെരുമ്പല്ലൂർ

## GROUP F

1 ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ - പന്നിമറ്റം
2 മേരി ജോസ് എടത്തല - കത്തീഡ്രൽ
3 സി. ജോൺസി CMC - വാഴക്കുളം
4 സി. ആൻസി ജോസ് മനയ്ക്കത്ത് SH - മുതലക്കോടം
5 അന്നക്കുട്ടി ചാക്കോ പോത്തനാമുഴി - ആനിക്കാട്
സി. അത്തനാസിയ CMC - കത്തീഡ്രൽ
സി. അലക്സിസ് FCC - മൂവാറ്റുപുഴ

**ലോഗോസ് ക്വിസിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 സെന്റ് ജോർജസ് കത്തീഡ്രൽ, കോതമംഗലം
2 സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം
3 ഹോളി മാഗി ഫൊറോന ചർച്ച്, മൂവാറ്റുപുഴ

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവക**

1 സെന്റ് ജോസഫ് ചർച്ച്, മുടവൂർ
2 സെന്റ് മേരീസ് ചർച്ച്, മുട്ടത്തുപാറ
3 സെന്റ് ജോസഫ് ചർച്ച്, നെല്ലിക്കുഴി

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ - FCC**

**ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

1 മനു മാത്യു തൊണ്ടിയിൽ പുലിയൻപാറ (C ഗ്രൂപ്പ്)
2 സി. ടെസ്മി SH, തൊടുപുഴ (D ഗ്രൂപ്പ്)
3 റോസമ്മ പോൾ താഴുത്തേടത്ത്, കലയന്താനി (E ഗ്രൂപ്പ്)
4 സി. ജോൺസി CMC, വാഴക്കുളം (F ഗ്രൂപ്പ്)

**ലോഗോസ് ഫാമിലി**

1 പി. ജെ തോമസ് പാറയിൽ, മുതലക്കോടം
2 ഗ്രേസി തോമസ് പാറയിൽ, മുതലക്കോടം
3 ജോയ്സ് തോമസ് പാറയിൽ, മുതലക്കോടം

*V. 116/2018* **SMC അവാർഡ് 2018-19 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. രൂപതാതല സെമിനാർ 2018 നവംബർ 10-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്. സമയം 9.30 am മുതൽ 4.30 pm വരെ. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്.

*V. 117/2018* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാതലം : 2018 ഡിസംബർ 8 ശനി**
**സമയം : 10.30 a.m. - 12.00 noon.**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

*V.118/2018* **നന്ദി**

ഒക്ടോബർ 28-ാം തീയതി ഞായറാഴ്ച നെസ്റ്റിൽ വച്ച് നടന്ന പി.റ്റി.എ. സെമിനാറിന് വന്നവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി അറിയിക്കുന്നു.





*V.119/2018* **ആദരാഞ്ജലികൾ**

കോതമംഗലം കത്തീഡ്രൽ ഇടവകാംഗവും കോഴിപ്പിള്ളി ബോയ്സ് ടൗൺ സൺഡേ സ്കൂളിൽ 9 വർഷമായി വിശ്വാസപരിശീലകനുമായിരുന്ന ശ്രീ. അജോയ് ജോർജ് ഇലഞ്ഞിക്കൽ നിര്യാതനായി. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. കുടുംബാംഗങ്ങൾക്ക് വിജ്ഞാനഭവനിൽനിന്ന് അനുശോചനങ്ങളും പ്രാർത്ഥനയും.

*Director*

## ബൈബിൾ അപ്പോസ്റ്റലേറ്റ്

*BA 2/2018* **ബൈബിൾ പഠന ക്ലാസ്സ്**

രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് നേതൃത്വം നൽകുന്ന ബൈബിൾ ക്ലാസ്സുകൾ ഒക്ടോബർ 6-ന് 2.30 pm-ന് തൊടുപുഴ, പൈങ്ങോട്ടൂർ, കത്തീഡ്രൽ എന്നിവിടങ്ങളിൽ ആരംഭിച്ചു. അതാത് ഇടവക വികാരിമാർ ക്ലാസ്സുകൾ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകളിലേക്ക് കടന്നുവന്നവർക്ക് തൊടുപുഴ (55), പൈങ്ങോട്ടൂർ (48), കോതമംഗലം (58) പ്രത്യേകം നന്ദി അറിയിക്കുന്നു. ഇനിയും താല്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു. ബഹു. വികാരിയച്ചന്മാർ ആളുകളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**ക്ലാസ്സുകളുടെ ക്രമീകരണം:**

എല്ലാ ശനിയാഴ്ചകളിലും 2.30 pm-5.00 pm

**സ്ഥലങ്ങൾ** : കത്തീഡ്രൽ
പൈങ്ങോട്ടൂർ ഫൊറോന പള്ളി
തൊടുപുഴ ഫൊറോന പള്ളി

**രജിസ്ട്രേഷൻ ഫീസ്** : 100 രൂപ.

ക്ലാസ്സുകളിലേക്ക് വരുന്നവർ സമ്പൂർണ്ണ ബൈബിൾ, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടുവരണം.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 37/2018* **Catechism/Moral Science വാർഷിക പരീക്ഷ**

Catechism/ Moral Science വാർഷിക പരീക്ഷ ഡിസംബർ മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ പ്രത്യേക സാഹ

ചര്യങ്ങൾ കാരണം ഈ ഒരു പരീക്ഷയിൽ നിന്നുതന്നെ മത്സര പരീക്ഷയ്ക്കു യോഗ്യരായവരേയും കണ്ടെത്തേണ്ടതാണ്. വാർഷിക പരീക്ഷയുടെ വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Edn.38 /2018* **Catechism/Moral Science Competitive Examination 2018-2019**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള Catechism/Moral Science രൂപതാതല മത്സര പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്ന കാര്യം അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. ഓരോ വിഷയത്തിലും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന മൂന്ന് കുട്ടികളെ മത്സര പരീക്ഷയിൽ പങ്കെടുപ്പിക്കാം. (70% ന് താഴെ മാർക്ക് നേടുന്ന ആരെയും പരിഗണിക്കേണ്ടതില്ല.) പരീക്ഷയുടെ കാര്യം രക്ഷാകർത്താക്കളെ മുൻകൂട്ടി അറിയിക്കുകയും വേണം. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Edn. 39 /2018* **കായിക കലാ ശാസ്ത്ര മേളകൾ**

ആഘോഷങ്ങൾ കുറച്ച് കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാൻ ഈ വർഷത്തെ മേളകൾ പ്രത്യേകരീതിയിൽ നടത്തുന്നതായിട്ടാണ് അറിയുന്നത്. നമ്മുടെ കുട്ടികളെ മേളകളിൽ പങ്കെടുപ്പിക്കുകയും മത്സരഫലങ്ങൾ ഈ ഓഫീസിലേക്ക് കൃത്യസമയത്ത് അയയ്ക്കുകയും ചെയ്യുമല്ലോ.

*Secretary*

## സോഷ്യൽ സർവീസ്

*SS.37/2018* **ആശാകിരണം**

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ സഹായം വാങ്ങുവാനായി വരേണ്ടത് വെള്ളിയാഴ്ച ദിവസങ്ങളിലാണ്. ഇക്കാര്യം കത്തു നല്കുമ്പോൾ വികാരിയച്ചൻമാർ അവരെ ബോധ്യപ്പെടുത്തുമല്ലോ. ആശാകിരണപദ്ധതിയുടെ ഗുണഭോക്താക്കൾ KSSS-ൽ രജിസ്റ്റർ ചെയ്ത കാർഡിനൊപ്പം വികാരിയച്ചന്റെ കത്തും സഹായത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കാർഡു മാത്രമായി KSSS-ൽ എത്തിയാൽ സഹായം ലഭിക്കുകയില്ല.





*SS. 38 /2018* **ക്രെഡിറ്റ് യൂണിയൻ**

2018 ഡിസംബറിൽ ഘട്ടം പൂർത്തിയാകുന്ന ക്രെഡിറ്റ് യൂണിയനുകൾ ഓഡിറ്റിംഗ് നടത്തി ഘട്ടം പൂർത്തിയാക്കി പുതിയ ഘട്ടം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*Director*

## തിരുബാലസഖ്യം

*HC 9/2018* **Website updation**

തിരുബാലസഖ്യത്തിന്റെ Website (cmlkcslkothamangalam.com) Updation നടത്തുന്നതിനുവേണ്ടി open ചെയ്യുകയാണ്. നവംബർ 1 മുതൽ ഡിസംബർ 31 വരെ അപ്ഡേഷനുള്ള സമയം ഉണ്ടായിരിക്കും. കുട്ടികളുടെ പേരുകൾ ചേർക്കുന്നതിനും പേര് ചേർത്തിട്ടുള്ളതിൽ തിരുത്തലുകൾ വരുത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കും. മത്സരങ്ങളുടെയും മറ്റും രജിസ്ട്രേഷൻ online അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. ആയതിനാൽ ഈ സൗകര്യം പ്രയോജനപ്പെടുത്തുമല്ലോ.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 46/2018* **മേഖല ക്യാമ്പ്**

രൂപതയിലെ 5 മേഖലകളായ മൂവാറ്റുപുഴ, കോതമംഗലം, കാളിയാർ, തൊടുപുഴ, വാഴക്കുളം എന്നിവിടങ്ങളിൽ ഒക്ടോബർ 18, 19 തീയതികളിൽ CML ക്യാമ്പുകൾ നടന്നു.

*CML 47/2018* **രൂപതാ സാഹിത്യമത്സരം**

2018 നവംബർ 20-ന് രൂപതയിലെ 8 മേഖലാകേന്ദ്രങ്ങളിൽ വച്ച് രൂപത സാഹിത്യ മത്സരം നടക്കുന്നു. രാവിലെ 9.30-ന് അതാത് മേഖലാകേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്.

*CML 48/2018* **വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വ നവീകരണവും നടത്തി**

ഒക്ടോബർ 1 ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതാ കുടുംബം വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിക്കുകയും അംഗത്വ നവീകരണം നടത്തുകയും ചെയ്തു.

*CML 49/2018* **Website updation**

മിഷൻലീഗിന്റെ Website (cmlkcslkothamangalam.com) Updation നടത്തുന്നതിനുവേണ്ടി open ചെയ്യുകയാണ്. നവംബർ 1 മുതൽ ഡിസംബർ 31 വരെ അപ്ഡേഷനുള്ള സമയം ഉണ്ടായിരിക്കും. കുട്ടികളുടെ പേരുകൾ ചേർക്കുന്നതിനും പേര് ചേർത്തിട്ടുള്ളതിൽ തിരുത്തലുകൾ വരുത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കും. മത്സരങ്ങളുടെയും മറ്റും രജിസ്ട്രേഷൻ online അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. ആയതിനാൽ ഈ സൗകര്യം പ്രയോജനപ്പെടുത്തുമല്ലോ.

*Director*

# കെ.സി.എസ്.എൽ.

*KCSL 31/2018* **ആൽബം & പ്രസന്റേഷൻ മത്സരം**

ആൽബം നിർമ്മാണം UP വിഭാഗത്തിന് മാത്രമായിരിക്കും. പവർ പോയിന്റ് HS & HSS വിഭാഗങ്ങൾക്ക് വേർതിരിച്ച് നടത്തുന്നതാണ്. എല്ലാ മത്സരങ്ങളിലും ഒരു വിഭാഗത്തിൽനിന്ന് ഒരു എൻട്രി മാത്രമേ ഉണ്ടാവൂ. ആൽബം നിർമ്മിച്ച് നവംബർ 10-നകം ഓഫീസിൽ സമർപ്പിക്കണം. പ്രസന്റേഷൻ അവതരണം നവംബർ മാസത്തിലായിരിക്കും. തീയതി പിന്നീട് അറിയിക്കുന്നതാണ്.

*KCSL 32/2018* **ആൽബം**

മഴക്കെടുതിയുടെയും പ്രകൃതിദുരന്തത്തിന്റെയും ചിത്രങ്ങളും അനുഭവങ്ങളും ചേർത്ത് ആൽബനിർമ്മാണം.

1. പരമാവധി 50 പേജ്
2. A4 വലുപ്പത്തിലുള്ള പേപ്പർ
3. ഉള്ളടക്കത്തിന്റെ മൂല്യം, സമഗ്രത, ക്രമീകരണം, ലേ ഔട്ട് എന്നിവയായിരിക്കും മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ.
4. ഒരു യൂണിറ്റിൽനിന്ന് ഒരു ആൽബം മാത്രമേ പരിഗണിക്കൂ.

*KCSL 33/2018* **പവർ പോയിന്റ് പ്രസന്റേഷൻ**

പ്രകൃതി ദുരന്തത്തിന്റെ കാരണങ്ങളും പരിഹാരവും പരിശോധിക്കപ്പെടുന്ന ഒരു പവർ പോയിന്റ് പ്രസന്റേഷൻ. (HS & HSS)

1 പരമാവധി സമയം 8 മിനിട്ട്
2. സിഡിയിലാക്കി അവതരിപ്പിക്കുകയും സമർപ്പിക്കുകയും വേണം.





3. വിഷയത്തോടുള്ള ബന്ധം, ഉള്ളടക്കമൂല്യം, ക്രമീകരണം, അന്വേഷണ പരത, അവതരണ ശൈലി എന്നിവ മൂല്യനിർണ്ണയത്തിൽ പരിഗണിക്കും.

*KCSL 34/2018* **എക്സലന്റ് അവാർഡ്**

എക്സലന്റ് അവാർഡ് മത്സരം നവംബർ 19, 20 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ നടക്കുന്നതാണ്. തിങ്കൾ വൈകുന്നേരം ആരംഭിച്ച് ചൊവ്വ ഉച്ചഭക്ഷണത്തോടെ സമാപിക്കും. ഒരു യൂണിറ്റിൽ നിന്ന് ഓരോ വിഭാഗത്തിൽനിന്നും 5 അംഗങ്ങൾക്ക് പങ്കെടുക്കാം. മുൻവർഷങ്ങളിലേതുപോലെ ആകർഷകമായ വിവിധ റൗണ്ടുകളിലൂടെയാണ് ജേതാവിനെ കണ്ടെത്തുന്നത്. നെസ്റ്റിൽ വച്ചായിരിക്കും മത്സരം നടക്കുന്നത്. രജിസ്ട്രേഷൻ വെബ്സൈറ്റ് വഴി നവംബർ 7 വരെ നടത്താവുന്നതാണ്.

ഘട്ടങ്ങൾ

1. ഗ്രൂപ്പ് ചർച്ച 2. ക്വിസ് 3. സർഗ്ഗശേഷി 4. ആശയ പ്രകടനം 5. പ്രായോഗികത 6. അഭിമുഖം 7. റാപ്പിഡ് ഫയൽ 8. ജഡ്ജസ് റൗണ്ട്.

**പഠനഭാഗങ്ങൾ**

ക്വിസ് 50 ചോദ്യങ്ങൾ (എഴുത്ത് പരീക്ഷ)

1. വി. മത്തായി 10-19 അദ്ധ്യായങ്ങൾ
2. പ്രഭാഷകൻ 1-10 അദ്ധ്യായങ്ങൾ
3. വെളിപാട് 10-16 അദ്ധ്യായങ്ങൾ
4. കെ.സി.എസ്.എൽ. ചരിത്രം
5. കെ.സി.എസ്.എൽ. നിയമാവലി
6. പൊതുവിജ്ഞാനം
7. ഡിജിറ്റൽ ലോകത്തെ വിദ്യാർത്ഥികൾ
8. വി. അലോഷ്യസ് ഗൊൺസാഗ

*KCSL 35/2018* **പഠനാനുഭവ ധ്യാനം**

ഈ വർഷത്തെ പഠനാനുഭവ ധ്യാനം ഡിസംബർ 26, 27, 28 തീയതികളിൽ നെസ്റ്റിൽ വച്ച് നടക്കുന്നതാണ്. ധ്യാനത്തിൽ 10, 12 ക്ലാസ്സുകാരെയാണ് പരീക്ഷാ ഒരുക്കത്തിനായി ഉദ്ദേശിക്കുന്നത്. ആനിമേറ്റേഴ്സ് പങ്കെടുക്കുന്നവരുടെ എണ്ണം നേരത്തെതന്നെ അറിയിക്കുമല്ലോ. 500 രൂപയായിരിക്കും ഫീസ്.

*KCSL 36/2018* **ക്രിസ്തുരാജന്റെ തിരുനാൾ**

ക്രിസ്തുരാജന്റെ തിരുനാൾ നവംബർ 21-ന് ആണല്ലോ. യൂണിറ്റുകളിൽ ഏറ്റവും മനോഹരമായി ഉചിതമായ ദിനം കണ്ടെത്തി തിരുനാൾ ആചരിക്കണം. രൂപതാതല തിരുനാൾ ആഘോഷം 23-ന് കദളിക്കാട് വിമല മാതാ ഹയർ സെക്കന്ററി സ്കൂളിൽ വച്ചായിരിക്കും നടക്കുന്നത്.

*KCSL 37/2018* **Website updation**

KCSL -ന്റെ Website (cmlkcslkothamangalam.com) Updation നടത്തുന്നതിനുവേണ്ടി open ചെയ്യുകയാണ്. നവംബർ 1 മുതൽ ഡിസംബർ 31 വരെ അപ്ഡേഷനുള്ള സമയം ഉണ്ടായിരിക്കും. കുട്ടികളുടെ പേരുകൾ ചേർക്കുന്നതിനും പേര് ചേർത്തിട്ടുള്ളതിൽ തിരുത്തലുകൾ വരുത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കും. മത്സരങ്ങളുടെയും മറ്റും രജിസ്ട്രേഷൻ online അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. ആയതിനാൽ ഈ സൗകര്യം പ്രയോജനപ്പെടുത്തുമല്ലോ.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 69/2018* **KCBC വിമൻസ് കമ്മീഷൻ**

CBCI കൗൺസിൽ ഫോർ വിമൻ, റീജനൽ സെക്രട്ടറിമാരുടെ നാഷണൽ മീറ്റിംഗിൽ കേരള റീജിയൻ സെക്രട്ടറി ശ്രീമതി ഡെൽസി ലൂക്കാച്ചൻ പങ്കെടുത്തു. സെപ്റ്റംബർ മാസം 28 മുതൽ ഒക്ടോബർ 1 വരെ ഗോവ സെന്റ് ജോസഫ് റിന്യൂവൽ സെന്ററിൽ നടന്ന സമ്മേളനം ചെയർമാൻ മാർ ജേക്കബ് ബർണബാസ് ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രകൃതിദുരന്തത്തിൽ എല്ലാ രൂപതകളിലെയും വനിതകൾ മുഖേന നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളേയും സഹകരണ മനോഭാവത്തേയും പിതാവ് അഭിനന്ദിച്ചു. സെക്രട്ടറി, കേരള റീജിയന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രശംസ നേടുകയും ചെയ്തു.

*FA 70/2018* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് നവംബർ 21 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.





*FA 71/2018* **രാത്രിആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രിആരാധന നവംബർ 9 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 72/2018* **ജൂബിലിദമ്പതീധ്യാനം**

ജൂബിലിദമ്പതീധ്യാനം നവംബർ 16 വെള്ളി വൈകിട്ട് 4 മുതൽ 18-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 73/2018* **ജൂബിലിദമ്പതീസംഗമം**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 2-ന് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് ജൂബിലിദമ്പതീസംഗമം നടത്തി. വിവാഹത്തിന്റെ രജത സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതിമാരെ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മംഗളപത്രം നൽകി ആദരിച്ചു. കൃതജ്ഞതാബലി, ക്ലാസ്സ്, ദിവ്യകാരുണ്യ ആരാധന, സ്നേഹവിരുന്ന്, വിവാഹവ്രത നവീകരണം എന്നിവയും നടത്തപ്പെട്ടു.

*FA 74/2018* **ഫമിലിയ**

രൂപത ഫാമിലി അപ്പോസ്റ്റലേറ്റും നിർമ്മല മാട്രിമോണിയും ചേർന്ന് ഫമിലിയ ത്രൈമാസ വാർത്താപത്രിക പുറത്തിറക്കുന്നു. ഇതിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. സഭാവാർത്തകൾ, രൂപതയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ, കൂടാതെ സീറോമലബാർ മാട്രിമോണിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പേരുടെയും പേരും വിശദവിവരങ്ങളും ഉൾപ്പെടുത്തിയാണ് വാർത്താപത്രിക പുറത്തിറക്കുന്നത്.

*FA 75/2018* **Marriage Preparation Courses in Kerala, 2018 November**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Alappuzha | 8113934970 | | 9-11 | 23-25 | |
| Changanacherry | 0481-2424476 | 5-7 | 12-14 | 19-21 | 26-28 |
| Ernakulam (Kaloor) | 0484-2533077 | 4-6 | 12-14 | 19-21 | 26-28 |
| Ernakulam (Kalady) | 0484-2462607 | | 13-15 | | 27-29 |
| Idukki | 04864222632, 9447777935 | | 12-14 | | 23-25 |

| | | | | | |
|---|---|---|---|---|---|
| Irinjalakuda | 0480-2880439, 9447992216 | 5-7 | | 19-21 | |
| Kanjirappally | 0482-8205628, 9497096431 | 5-7 | | | 22-24 |
| Kochi (Latin) | 0484-2328077, 8547723791 | 8-11 | | | 22-25 |
| Kollam (Latin) | 0474-2749349, 9645671314 | 7-9 | | 21-23 | 28-30 |
| Kothamangalam | 0485-2989222, 9495011191 | 7-9 | | 21-23 | |
| Kottappuram (Latin) | 0480-2807733, 9446605551 | 7-9 | | | |
| Kottayam | 04812790947, 9495080049 | 8-10 | | | |
| Mananthavady | 0493-5241335, 9567764944 | | 14-17 | 23-26 | |
| Mavelikkara (Malankara) | 9447366149 | | 9-11 | | |
| Neyyattinkara (Latin) | 9447005093 | | 14-16 | | |
| Palai | 0482-2210049 | | 12-14 | | 26-28 |
| Palakkad | 8281340073 | 5-8 | | | |
| Pathanamthitta | 9496806089 | | 9-11 | | |
| Thalassery | 0490-2343414, 9446679001 | 6-8 | 13-15 | | 27-29 |
| Thamarassery | 0495-2730860, 9495693810 | 6-9 | | | |
| Thiruvalla | 9895556074 | 6-8 | | 20-22 | |
| Thiruvananthapuram(Latin) | 9895092479 | 5-7 | | 19-21 | |
| Thiruvananthapuram(Malankara) | 8304841964 | 9-11 | | | |
| Thrissur | 0487-2336066, 9605043327 | 7-9 | 14-16 | 21-23 | 28-30 |
| Varappuzha | 0484-2393739 | 2-4 | | 16-18 | |
| Vijayapuram | 9447182300 | | 8-10 | | |

*Director*

## മാതൃവേദി

*MV 40/2018* **സെനറ്റ് മീറ്റിംഗ്**

ഒക്ടോബർ 9-ന് NESTT പാസ്റ്ററൽ സെന്ററിൽ രൂപത സെനറ്റ് മീറ്റിംഗ്. നടന്നു.

*MV 41/2018* **ഉണർവ്വ്**

ഒക്ടോബർ 16-ന് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് "Successful Women" എന്ന വിഷയത്തെക്കുറിച്ച് ഫാ. അജോ രാമച്ചനാട്ട് ക്ലാസ്സെടുത്തു. ഒക്ടോബർ 30-ന് സി. നിത്യ CMC യുടെ "Mind Mapping" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ക്ലാസ്സും നവംബർ 20-ന് "സ്ത്രീപുരുഷ മനഃശാസ്ത്രം" എന്ന വിഷയത്തെ കുറിച്ച് സി. ടെസിൻ മേരി CHF യുടെ ക്ലാസ്സും ഉണ്ടായിരിക്കും.

*MV 42/2018* **യൂദിത്ത് മിനിസ്ട്രി**

നവംബർ 10-ന് ശനിയാഴ്ച രാമല്ലൂർ സാൻജോ ഭവനിൽ വച്ച് യൂദിത്ത് മിനിസ്ട്രിയുടെ പ്രതിമാസ സമ്മേളനം നടക്കുന്നതാണ്. അന്നേ





ദിവസം ഇതിലെ അംഗങ്ങളുടെ മക്കൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും സ്പിരിച്ചൽ ഗൈഡൻസും ഉണ്ടായിരിക്കുന്നതാണ്.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 60/2018* **ദീപിക ഭാഷാ പദ്ധതി ഉദ്ഘാടനം**

നാകപ്പുഴ സെന്റ് മേരീസ് ഹൈസ്കൂളിലും സെന്റ് മേരീസ് പബ്ലിക് സ്കൂളിലും 22-9-2018-ന് ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.

*DFC 61/2018* **രൂപതാകമ്മിറ്റി**

DFC രൂപതാ കൺവെൻഷനോടനുബന്ധിച്ച് 3-10-2018-ൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കമ്മിറ്റി ചേർന്ന് ആലോചനകൾ നടത്തി.

*DFC 62/2018* **ഷെയർ ഹോൾഡേഴ്സ് മീറ്റിംഗ്**

DFC രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപതയിലെ ദീപിക ഷെയർ ഹോൾഡേഴ്സിന്റെ യോഗം 6-10-2018-ൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

*DFC 63/2018* **ഫൊറോന കമ്മിറ്റികൾ**

DFC രൂപതാ കൺവെൻഷനോടനുബന്ധിച്ച് ഫൊറോനകളിൽ യോഗങ്ങൾ ചേർന്ന് കൺവെൻഷനിൽ മുഴുവൻ ഇടവക ഭാരവാഹികളെയും പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

*DFC 64/2018* **DFC രൂപതാ കൺവെൻഷൻ**

ഇടവക യൂണിറ്റുകളിലെ പുരുഷ വനിത വിഭാഗങ്ങളുടെ ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള രൂപതാതല കൺവെൻഷൻ 10-10-2018-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. 427 ഭാരവാഹികൾ പങ്കെടുത്തു. അതോടനുബന്ധിച്ച് രൂപതയിലെ ഏറ്റവും മികച്ച DFC ഫൊറോനയായി തെരഞ്ഞെടുക്കപ്പെട്ട പൈങ്ങോട്ടൂരിനുവേണ്ടി ഫാ. ജോർജ് വടക്കേലും ഏറ്റവും മികച്ച ഫൊറോന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പൈങ്ങോട്ടൂരിലെ ശ്രീ. ലോറൻസ് എബ്രാഹവും അഭിവന്ദ്യ പിതാവിൽനിന്നും അവാർഡുകൾ ഏറ്റുവാങ്ങി.

*DFC 65/2018* **സംസ്ഥാന ക്യാമ്പിനോടനുബന്ധിച്ചുള്ള രൂപതാ കമ്മിറ്റി**

17-10-2018-ലും 22-10-2018-ലും മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് സംസ്ഥാന ക്യാമ്പിനോടനുബന്ധിച്ചുള്ള രൂപതാ കമ്മിറ്റി യോഗങ്ങൾ ചേർന്ന് ആലോചനകൾ നടത്തി.

*DFC 66/2018* **സംസ്ഥാന ക്യാമ്പും തെരഞ്ഞെടുപ്പും**

സംസ്ഥാനത്തെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾക്കായി ഒക്ടോബർ 23, 24 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ദ്വിദിന ക്യാമ്പ് നടത്തി. അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ രൂപതകളിൽ നിന്നായി 281 പേർ പങ്കെടുത്തു. ക്യാമ്പിൽ വച്ച് പുതിയ സംസ്ഥാനഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. DFC വനിതാ വിഭാഗം രൂപതാ സെക്രട്ടറി മിനി മാനുവൽ സംസ്ഥാന സെക്രട്ടറിയായും രൂപതാ പ്രസിഡന്റ് ഷീല രാജു സംസ്ഥാന വൈസ് പ്രസിഡന്റായും പുരുഷവിഭാഗം രൂപതാ പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ സംസ്ഥാന വൈസ് പ്രസിഡന്റായും സെക്രട്ടറി തോമസ് കുണിഞ്ഞി സംസ്ഥാന സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

*Director*

## യുവദീപ്തി

*YD 26/2018* **യൂത്ത് അസംബ്ലി 2018**

യുവജനവർഷത്തോടനുബന്ധിച്ച് യൂത്ത് അസംബ്ലി 2018 ഒക്ടോബർ 20, 21 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അസംബ്ലി ഉദ്ഘാടനം ചെയ്യുകയും അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് സമാപനസന്ദേശം നൽകുകയും ചെയ്തു. രൂപതയിലെ ഇടവകകളിൽ നിന്നും ഫൊറോനകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. യുവജനം വിളിയും വിശ്വാസവും, യുവത്വം സഭയുടെ ചാലകശക്തി, മാധ്യമലോകം അറിവും തിരിച്ചറിവും, യുവത്വം ഒരു വെല്ലുവിളിയോ എന്നീ വിഷയങ്ങളിൽ യഥാക്രമം റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ, ശ്രീ. ജോയ് ഗോതുരുത്ത്, റവ. ഫാ. നോബിൾ പാറയ്ക്കൽ, ഡോ. ഡി. ജോർജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. കെ.





സി. വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ദീപക് ചേർക്കോട്ടിന്റെ നേതൃത്വത്തിൽ ACTS 2025എന്ന പേരിൽ ഒരു വിഷൻ പ്ലാനിംഗ് രൂപീകരിക്കുകയും ചെയ്തു.

*YD 27/2018* **അമ്മയ്ക്കരികിൽ**

ജപമാല മാസത്തോടനുബന്ധിച്ച് രൂപതാതല ജപമാല സമാപനം ഒക്ടോബർ 28-ാം തീയതി നാകപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

*Director*

## ജീസസ് യൂത്ത്

*JY 26/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ NESTT-ൽ വച്ച് നവംബർ 9-ന് നൈറ്റ് വിജിൽ നടത്തുന്നു.

*JY 27/2018* **സോണൽ അസംബ്ലി**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ NESTT-ൽ വച്ച് നവംബർ 11-ന് സോണൽ അസംബ്ലി നടത്തുന്നു.

*Animator*

## ഡി.സി.എം.എസ്

*DCMS 9/2018* **DCMS പ്രകടനവും പൊതുസമ്മേളനവും**

മതാടിസ്ഥാനത്തിലുള്ള ദളിത് വിവേചനം അവസാനിപ്പിച്ച് ദളിത് സമൂഹത്തെ ഒരുപോലെ കാണുക എന്ന ആദർശമുയർത്തി ഡി.സി. എം.എസ്. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 2018 നവംബർ 21-ന് കോട്ടയത്ത് വച്ച് നടത്തപ്പെടുന്ന പ്രകടനത്തിലും മഹാസമ്മേളനത്തിലും നമ്മുടെ ഇടവകയിലെ വിവിധ ഭക്തസംഘടനകളിലെ ഭാരവാഹികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചൻമാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി രൂപതാ ഡയറക്ടറച്ചനോട് അന്വേഷിക്കുക. Mob. 9747975511

*DCMS 10/2018* **DCMS Scholarship വിതരണം**

2016-2017, 2017-2018 വർഷങ്ങളിൽ SSLC, Plus Two, Degree കോഴ്സുകളിൽ നിശ്ചിത ശതമാനം മാർക്ക് വാങ്ങിയ കുട്ടികൾക്ക്

KCBC SC/ST/BC Commissionഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പിന് ബഹു. വികാരിയച്ചൻമാരുടെ ശുപാർശയോടെ സമർപ്പിച്ച അപേക്ഷപ്രകാരം ലഭ്യമായിരിക്കുന്ന സ്കോളർഷിപ്പ് തുക 2018 നവംബർ മാസം 10-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മണിക്ക് മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുന്ന സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യുന്നു. പ്രസ്തുത സമ്മേളനത്തിലേക്ക് അപേക്ഷിച്ച കുട്ടികളെയും അവരുടെ മാതാപിതാക്കളെയും ബഹു. അച്ചന്മാർ പറഞ്ഞയയ്ക്കുമല്ലോ. DCMS സംസ്ഥാന ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ പിതാവാണ് സ്കോളർഷിപ്പ് വിതരണം നടത്തുന്നത്.

*DCMS 11/2018* **പ്രാർത്ഥനാദിനം**

2018 നവംബർ 21-ന് DCMS സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തുവച്ച് നടക്കുന്ന മഹാസമ്മേളനത്തിന് ഒരുക്കമായും ആഗോള കത്തോലിക്കാസഭയ്ക്കുവേണ്ടിയും നവംബർ 4-ാം തീയതി 11.30 മുതൽ 4.00 മണി വരെ നാകപ്പുഴ സെന്റ് മേരീസ് പള്ളിയിൽ വച്ച് പ്രാർത്ഥനാദിനം ആചരിക്കുന്നു.

*DCMS 12/2018*

ഒക്ടോബർ 19, 20, 21 തീയതികളിൽ എറണാകുളം POC-യിൽ വച്ച് നടന്ന നാഷണൽ ക്യാമ്പിൽ കോതമംഗലം രൂപതയിൽ നിന്നും കുമാരി സോന മോബി നാകപ്പുഴ, കുമാരി ബെൻസുല ബന്നി നാകപ്പുഴ എന്നിവർ പങ്കെടുത്തു.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 28/2018* **കത്തോലിക്കാ കോൺഗ്രസിന് രൂപതാകാര്യാലയം**

കോതമംഗലം രൂപതയിൽ കത്തോലിക്കാ കോൺഗ്രസിന് സ്വന്തമായി ഒരു കാര്യാലയം ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിക്കുന്നതിനു വേണ്ടി തൊടുപുഴ പഴയ ടൗൺ പള്ളിയിരുന്ന സ്ഥലവും (സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ട്) പഴയ കെട്ടിടവും കത്തോലിക്കാ കോൺഗ്രസ് വാടകയ്ക്ക് എടുത്തു. പ്രസ്തുത പഴയ കെട്ടിടം നവീകരിച്ച് കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ കാര്യാലയമായി 13-10-2018-ൽ രൂപതാ ഡയറക്ടറും വികാരി ജനറാളുമായ മോൺ. ജോർജ് ഒലിയപ്പുറം ഉദ്ഘാടനം ചെയ്തു. സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ പുതിയതായി ആരംഭിക്കുന്ന "പേ ആന്റ് പാർക്ക്" തൊടുപുഴ ഫൊറോന ഡയറക്ടർ റവ. ഡോ. ജിയോ തടിക്കാട്ട് ഉദ്ഘാടനം ചെയ്തു.





*AKCC 29/2018* **സ്വയം സഹായകസംഘങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമിതിയുടെ കർമ്മപദ്ധതികളിൽ മുഖ്യ ഇനമാണ് കാർഷിക ഉല്പന്നങ്ങൾക്ക് ഉയർന്ന വരുമാനം ഉറപ്പുവരുത്തുക എന്നത്. ഇതിന്റെ മുന്നോടിയായി ഇടവകതോറും സ്വയം സഹായകസംഘങ്ങൾ രൂപീകരിക്കാൻ താല്പര്യമുള്ളവരുടെ ഒരു സെമിനാർ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ല പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. അനൂപ് മോഹനൻ തൊടുപുഴ പള്ളി പാരീഷ് ഹാളിൽ 13-10-2018-ൽ നടത്തി. അന്നുതന്നെ കാർഷിക വിഭവങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യാനുള്ള സാധ്യതകളെപ്പറ്റിയും അതിന് ഗവൺമെന്റ് നല്കുന്ന സാമ്പത്തിക സഹായങ്ങളെപ്പറ്റിയും പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ എവിടെനിന്ന് ലഭിക്കുമെന്നതിനെപ്പറ്റിയും റബർ ബോർഡ് ഉദ്യോഗസ്ഥൻ ഡോ. ജോസഫ് ചാക്കോ ക്ലാസ്സുകൾ നയിച്ചു.

*AKCC 30/2018* **കത്തോലിക്കാ കോൺഗ്രസ് വാർഷിക പൊതുയോഗം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമൂഹത്തിന്റെ വാർഷിക പൊതുയോഗം 13-10-2018-ൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളി പാരീഷ് ഹാളിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. ജോസ് പുതിയിടവും വരവു ചെലവ് കണക്ക് ട്രഷറർ ശ്രീ. ജോൺ മുണ്ടൻകാവിലും അവതരിപ്പിച്ച് പാസ്സാക്കി.

കത്തോലിക്കാ കോൺഗസ് കേന്ദ്ര പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണവും രൂപത ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം അനുഗ്രഹപ്രഭാഷണവും നടത്തി. തൊടുപുഴ ഫൊറോന ഡയറക്ടർ റവ. ഡോ. ജിയോ തടിക്കാട്ട് ആശംസകൾ നേർന്ന യോഗ

ത്തിൽ വച്ച് പ്രളയദുരന്തത്തിൽ മൂവാറ്റുപുഴയിൽ പ്രശംസനീയമായ സേവനം നടത്തിയ ശ്രീ. സേവി പൂവനെ അഭിവന്ദ്യ പിതാവ് ആദരിച്ചു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 24/2018* **വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷൻ (WIF) സ്പെഷ്യൽ കൺവെൻഷൻ**

പ്രവാസികൾ, ഇതരസംസ്ഥാന തൊഴിലാളികൾ, അഭയാർത്ഥികൾ എന്നിവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷന്റെ നേതൃത്വത്തിൽ എറണാകുളം P.O.C -യിൽ നടന്ന യോഗത്തിൽ KLM രൂപത ആനിമേറ്റർ സി. ഷീൻ മരിയ CHFന്റെ നേതൃത്വത്തിൽ KLM രൂപത ഭാരവാഹികൾ പങ്കെടുത്തു.

*KLM 25/2018* **മെമ്പർഷിപ്പ് മാസാചരണം**

KLM മെമ്പർഷിപ്പ് മാസമായി നവംബർ 1 മുതൽ 30 വരെ നടത്താൻ തീരുമാനിച്ചു. എല്ലാ ഇടവക യൂണിറ്റുകളിലും മെമ്പർഷിപ്പ് വിതരണം ചെയ്യുന്നതിന് ഭാരവാഹികളെ ചുമതലപ്പെടുത്തി.

*KLM 26/2018* **പാലിയേറ്റീവ് ഹോംകെയർ സർവ്വീസ്**

KLM ന്റെ നേതൃത്വത്തിൽ നമ്മുടെ രൂപതയിൽ ആരംഭിക്കുന്ന പാലിയേറ്റീവ് ഹോംകെയർ സർവ്വീസിലെ അംഗങ്ങളുടെ രൂപതാതല പരിശീലനം പൂർത്തിയായി. പരിശീലനത്തിന് ഡോ. മാത്യു നമ്പേലിൽ, ഷീബ മാത്യൂസ്, ജോമോൻ ജേക്കബ് എന്നിവർ ക്ലാസ്സുകൾ എടുത്തു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 23/2018* **സമ്മേളനം**

ഫ്രാൻസിസ്കൻ അല്മായ സീറോ മലബാർ ഏരിയാ കമ്മിറ്റി യോഗം ആലുവ കപ്പുച്ചിൻ പ്രൊവിൻഷ്യൽ ഹൗസിൽ ചേർന്നു. നാഷണൽ ചാപ്റ്റർ നടത്തിപ്പിനെക്കുറിച്ചും SFO യുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും തീരുമാനങ്ങൾ എടുത്തു. Rev. Fr. Jose Ponnore OFM Cap. യോഗം നയിച്ചു.





*SFO 24/2018* **തിരുനാൾ ആഘോഷം**

വാഴക്കുളം യൂണിറ്റ്: വി. ഫ്രാൻസീസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് ഫ്രാൻസിസ്കൻ സഭാംഗങ്ങൾ പാലിയേറ്റീവ് കെയറിൽ 10000 രൂപയും 3 സാധു കുടുംബങ്ങൾക്ക് ധനസഹായവും നൽകി. വികാരി റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ തിരുനാൾ സന്ദേശം നൽകി.

ഒക്ടോബർ 4 വി. ഫ്രാൻസീസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് അല്മായ ഫ്രാൻസിസ്കൻ സഭയുടെ എല്ലാ യൂണിറ്റുകളും വിവിധ പരിപാടികളോടെ തിരുനാൾ കൊണ്ടാടി.

*Director*

## ഇൻഫാം

*INF 15/2018* **കേരളപ്പിറവിദിനത്തിൽ വിത്തുകൾ വിതരണം ചെയ്യുന്നു**

ഇൻഫാം യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ വിവിധ പച്ചക്കറിവിത്തുകൾ കേരളപ്പിറവിദിനമായ നവംബർ ഒന്നിന് വിതരണം ചെയ്യുന്നു. പുതിയ ഒരു കർഷക സംസ്കാരത്തിന് നാന്ദികുറിക്കാനാണ് ഇത്തരം ഒരു ഇടപെടൽ.

*INF 16/2018* **വിധവകൾക്ക് ധനസഹായം**

വിധവകളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിന് വനിതാശിശുവികസന വകുപ്പ് നടപ്പാക്കുന്ന അഭയകിരണം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 50 വയസ്സിനുമേൽ പ്രായമുള്ളവരും പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കളില്ലാത്തവരും ബന്ധുക്കളുടെ പരിചരണത്തിൽ കഴിയുന്നവരുമായിരിക്കണം അപേക്ഷകർ. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവരോ ബി.പി.എൽ. കുടുംബത്തിലോ ഉള്ളവരായിരിക്കണം. അടുത്തുള്ള ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിലോ അങ്കണവാടിയിലോ ഒക്ടോബർ 22-നകം അപേക്ഷ നല്കണം.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 31/2018* **പ്രാർത്ഥനാഗ്രൂപ്പ് സബ്സോൺ ആനിമേറ്റേഴ്സ്**

| | | |
|---|---|---|
| ഫാ. ജോസഫ് മക്കോളിൽ | - | തൊടുപുഴ |
| ഫാ. ജെയിംസ് വരാരപ്പിള്ളി | - | മാറിക |
| ഫാ. ജോസഫ് നിരവത്ത് | - | കരിമണ്ണൂർ |
| ഫാ. ജെയിംസ് ചൂരത്തൊട്ടിയിൽ | - | ഊന്നുകൽ |
| ഫാ. സെബാസ്റ്റ്യൻ പന്നാരക്കുന്നേൽ | - | പൈങ്ങോട്ടൂർ |
| ഫാ. പോൾ കാരക്കൊമ്പിൽ | - | കോതമംഗലം |
| ഫാ. ജേക്കബ് റാത്തപ്പിള്ളിൽ | - | വാഴക്കുളം |
| ഫാ. ജോർജ് കുരിശുംമൂട്ടിൽ | - | മൂവാറ്റുപുഴ |

*PG 32/2018* **ജൂബിലി സ്മാരക ഭവനനിർമ്മാണ ഫണ്ട് സംഭാവന കൂപ്പൺ**

കോതമംഗലം സോൺ ജൂബിലിയോടനുബന്ധിച്ച് ജൂബിലിസ്മാരകമായി ഒരു വീടെങ്കിലും നിർമ്മിച്ചു കൊടുക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ വിതരണോദ്ഘാടനം 2018 ഒക്ടോബർ 19-ന് ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാദിനത്തിൽ കാരക്കുന്നത്ത് വച്ച് നടത്തി.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 36 /2018* **നാഷണൽ കൗൺസിൽ പ്രസിഡന്റിന്റെ സന്ദർശനം**

കാലവർഷ കെടുതികൾ മൂലം ദുരിതമനുഭവിക്കുന്ന കോതമംഗല രൂപതയിലെ വിവിധ പ്രദേശങ്ങൾ നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് സന്ദർശിച്ചു. ഡി. സി, എ. സി. കോൺഫ്രൻസ് അംഗങ്ങൾ സന്നിഹിതരായിരുന്നു. രണ്ടുലക്ഷം രൂപയുടെ താല്കാലിക സഹായങ്ങൾ വിതരണം ചെയ്തു. ദീർഘകാല പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചു.

*SV 37 /2018* **എ.സി. സെമിനാർ**

തൊടുപുഴ, തൊടുപുഴ ഈസ്റ്റ്, വാഴക്കുളം, കല്ലൂർക്കാട്, മൂവാറ്റുപുഴ, പൈങ്ങോട്ടൂർ, കോതമംഗലം ഈസ്റ്റ് ഏരിയാ കൗൺസിലുക





ളുടെ അർദ്ധ വാർഷിക സെമിനാറുകൾ പൂർത്തിയായി. ആദ്ധ്യാത്മിക ഉപദേഷ്ടാക്കൾ സെമിനാറുകൾ ഉദ്ഘാടനം ചെയ്തു. രൂപതയിലെ മികച്ച പ്രവർത്തനങ്ങൾ നടത്തിയ കോൺഫ്രൻസുകളിൽ നിന്നുള്ള അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് സെമിനാറുകളിൽ വിശദീകരിച്ചു. തുടർന്ന് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിശദമായ ചർച്ചകൾ നടന്നു.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Nov. | 3 | - | Theology Course |
| | 5 - 7 | - | Batch Gathering |
| | 7 - 9 | - | Pre-Marriage Course |
| | 10 | - | SMC Award |
| | | - | Theology Course |
| | 13 -14 | - | Batch Gathering |
| | 17 | - | Theology Course |
| | 19 -20 | - | KCSL Excellent Award |
| | 20 | - | ഉണർവ്വ് |
| | 21 -23 | - | Pre-Marriage Course |
| | 25 -27 | - | Educational Seminar |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Mgr. | Kanjirakombil Cherian | **November** | 5 |
| Rev. Fr. | Punnamattathil Scaria | " | 5 |
| " | Varicatt Cherian | " | 5 |
| " | Kallidikkil Zacharias | " | 5 |
| " | Kunnel Stanislaus | " | 13 |
| " | Pulprayil Stanley | " | 13 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**സെപ്തംബർ 2018**

21 ● കോതമംഗലം കത്തീഡ്രലിൽ നടത്തിയ രൂപതാ പ്രാർത്ഥനാ ദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● ഊന്നുകൽ ഇടവകയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി.

22 ● കോതമംഗലം, SH പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23-28 ● മൂവാറ്റുപുഴ, NESTT-ൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു.

23 ● പാലാരിവട്ടം, POC-യിൽ നടന്ന KCBC മീറ്റിംഗിൽ പങ്കെടുത്തു.

30 ● ചിറ്റൂർ, സെന്റ് ജോർജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

**ഒക്ടോബർ 2018**

02 ● നാകപ്പുഴ, പാറക്കാട്ടേൽ ജോൺസൺ പോളിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ വാഴക്കുളം, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടത്തിയ ജൂബിലി ദമ്പതീസംഗമത്തിൽ സന്ദേശം നൽകി.

03 ● SDB സന്യാസസമൂഹാംഗമായ വരാരപ്പിള്ളി ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നെല്ലിമറ്റം, സെന്റ് ജോസഫ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

04 ● വി. ഫ്രാൻസീസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് വാഴപ്പിള്ളി ലൊരേറ്റോ ആശ്രമത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● മാർ എഫ്രേം ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന Convocation ചടങ്ങിൽ സന്ദേശം നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.





05 ● ബിഷപ്സ് ഹൗസിൽ നടന്ന മാധ്യമ ജാഗ്രതാ മീറ്റിംഗിൽ പങ്കെടുത്തു.

06 ● പാമ്പാടി, സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

● പോട്ട, സെന്റ് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

07 ● ചമ്പക്കുളം, ഓർശ്ലേം ദൈവാലയത്തിൽ പോംബെ ജപമാല രാജ്ഞിയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 ● മൈലക്കൊമ്പ്, ശാന്തിഭവനിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

● കാരക്കുന്നം ഇടവക കാവുംപുറത്ത് സിറിലും ചേന്നാട് ഇടവക അരിമറ്റത്ത് ഐഡയും തമ്മിലുള്ള വിവാഹം കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ആശീർവദിച്ചു.

09 ● രാമല്ലൂർ, സാൻജോ ഭവനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● SH സന്യാസിനീ സമൂഹാംഗമായ സി. ട്രീസ വെള്ളരിങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

10 ● മൂവാറ്റുപുഴ, NESTT-ൽ നടന്ന DFC മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

● മുതലക്കോടം, ഹോളി ഫാമിലി ഹോസ്പിറ്റലിനോടനുബന്ധിച്ച് പുതിയതായി നിർമ്മിച്ച നിത്യാരാധന ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

● കാക്കനാട്, മൗണ്ട് സെന്റ് തോമസിൽ നടന്ന CLC മീറ്റിംഗിൽ പങ്കെടുത്തു.

11 ● പോത്താനിക്കാട്, സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വച്ച് എടത്തട്ടേൽ ഡീപ്സൺ - ലൈമി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ തോമസിന് പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു.

12 ● ആരക്കുഴ, സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടത്തിയ രൂപതാ പ്രാർത്ഥനാ ദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 ● കോതമംഗലം, CMC പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസാർത്ഥിനികളുടെയും അവരുടെ മാതാപിതാക്കളുടെയും സമ്മേളനത്തിൽ സന്ദേശം നൽകി.

● വാഴപ്പിള്ളി, ലിസ്യു സെന്ററിൽ നടന്ന "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ"എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കിയുള്ള സെമിനാറിൽ സമാപന സന്ദേശം നൽകി.

● തൊടുപുഴ, സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ നടന്ന AKCC മീറ്റിംഗിൽ പങ്കെടുത്തു.

17 ● ബസ്ലഹം, ശാന്തിഭവനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● മൂവാറ്റുപുഴ, നിർമ്മല ഫാർമസി കോളേജിൽ നടന്ന ഹയർ എഡ്യൂക്കേഷൻ ബോർഡ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

● വാഴക്കുളം, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന Jesus Youth-ന്റെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

18 ● തങ്കളം, MSJ പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടന്ന പ്രഥമ വ്രതവാഗ്ദാനകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

20 ● മൂവാറ്റുപുഴ, NESTT-ൽ നടന്ന യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

● പോത്താനിക്കാട്, പുള്ളോലിക്കൽ ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.





## BISHOP'S *Engagements*

### November 2018

| | | | | |
|---|---|---|---|---|
| 03 | Sat | Death Anniversary of Mgr. Joseph Panjikaran | MSJ Provincial House | 10.30 am |
| 04 | Sun | Pastoral Visit | Mathirappilly | |
| 05 | Mon | Baptism | Vazhakulam | 09.00 am |
| 06 | Tue | Meeting - SAFE | Muvattupuzha | 11.00 am |
| | | Blessing | Snehalayam, Malayinkeezhu | 02.30 pm |
| 10 | Sat | Holy Qurbana | Chungam | 07.00 am |
| | | Meeting - DCMS | NESTT | 03.00 pm |
| 11 | Sun | Pastoral Visit | Perumballoor | |
| 13-14 | | Meeting | Kanjirappally | |
| 16 | Fri | Eparchial Prayer day | Kaliyar | |
| | | Meeting | NESTT | 02.30 pm |
| 17 | Sat | Meeting | Muvattupuzha | |
| 18 | Sun | Pastoral Visit | Kadavoor | |
| 19 | Mon | Jubilee Celebration | NESTT | 10.00 am |
| 20 | Tue | Jubilee | Karimannoor | 10.00 am |
| | | Blessing | St. Joseph Hostel, Muvattupuzha | 03.00 pm |
| 22 | Thu | Holy Qurbana | Amballoor | 04.45 pm |
| 24 | Sat | Holy Qurbana | Laverna, Karukadam | 06.30 am |
| 27 | Tue | Priestly Ordination | Mundanmudy | 09.15 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് പിട്ടാപ്പിള്ളിൽ | ചരമദിനം | 01-12-1982 |
| ഫാ. സെബാസ്റ്റ്യൻ നീരോലിക്കൽ | ” | 04-12-1995 |
| ഫാ. മാത്യു കല്ലുങ്കൽ | ” | 11-12-2011 |
| ഫാ. ചെറിയാൻ വേരനാനി | ” | 13-12-1998 |
| ഫാ. സേവ്യർ ചുണ്ടാട്ട് | ” | 17-12-1994 |
| ഫാ. ജോർജ് പുത്തേട്ട് | ” | 20-12-2007 |
| ഫാ. തോമസ് തുടിയൻപ്ലാക്കൽ | ” | 23-12-2003 |
| ഫാ. സിറിയക് അമന്തുരുത്തിയിൽ | ” | 27-12-1990 |
| ഫാ. സേവ്യർ പാറങ്കിമാലിൽ | ” | 31-12-1998 |

## നിര്യാതരായി

### സി. ട്രീസ എസ്.എച്ച്. (വെള്ളരിങ്ങാട്ട്)

| | | |
|---|---|---|
| ഇടവക | - | നെടിയകാട് |
| ജനനം | - | 17.01.1932 |
| ആദ്യവ്രതം | - | 04.05.1954 |
| നിത്യവ്രതം | - | 02.05.1957 |
| മരണം | - | 05.10.2018 |
| മൃതസംസ്കാരം | - | 09.10.2018 (മൈലക്കൊമ്പ്) |

### സി. ജൂലിയാന എസ്.എ.ബി.എസ്. (കളപ്പുരയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | ഏഴല്ലൂർ |
| ജനനം | - | 30.10.1941 |
| ആദ്യവ്രതം | - | 24.04.1964 |
| നിത്യവ്രതം | - | 24.04.1968 |
| മരണം | - | 23.10.2018 |
| മൃതസംസ്കാരം | - | 24.10.2018 (മാറിക) |